**കേരള സർക്കാർ**

സംഗ്രഹം

ജലവിഭവ വകുപ്പ് - ശ്രീ ജി.സുധാകരൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 34186/2022 നമ്പർ കേസിന്റെ അന്തിമ വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി കേസിലെ പരാതിക്കാരനായ ടിയാന്റെ ഭൂമി ഉൾപ്പെടെ കനാലിന് വേണ്ടി ഏറ്റെടുത്ത് കനാൽ നിർമ്മിക്കാത്ത ഭൂമി തിരികെ നല്കുന്നതിനും നിലവിലെ കനാൽ കടന്നു പോകുന്ന ഭൂമി ഏറ്റെടുക്കുന്നതിനും റവന്യൂ വകുപ്പിൽ നിന്നും നടപടി സ്വീകരിക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം.പി) വകുപ്പ്**

സ.ഉ.(സാധാ) നം.256/2024/WRD തീയതി, തിരുവനന്തപുരം, 20.03.2024

---

പരാമർശം:-1. ശ്രീ ജി.സുധാകരൻ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 34186/2022 നമ്പർ കേസിന്റെ 21/06/2023 ലെ അന്തിമവിധി.

2. പ്രോജക്ട് 1 ചീഫ് എൻജിനീയറുടെ 07/03/2024 ലെ എഫ്.പി4/6957/2022 നമ്പർ കത്ത്.

**ഉത്തരവ്**

പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായി ഫീൽഡ് ബോത്തി നിർമ്മിക്കുന്നതിനുവേണ്ടി ശ്രീ ജി.സുധാകരൻ മുതൽ പേരുടെ ഭൂമി (റീ.സ.നം.42/12, 42/10, 42/14) ഏറ്റെടുത്തിരുന്നു. എന്നാൽ ടി ഫീൽഡ് ബോത്തി അലൈൻമെന്റ് മാറി ജി. സുധാകരൻ മുതൽ പേരുടെ അക്വയർ ചെയ്യാത്ത (റീ.സ.നം.42/13, 42/11, 42/15) സ്ഥലത്തുകൂടി നിർമ്മിക്കുകയുണ്ടായി. ടിയാന്റെ സ്ഥലത്തുകൂടി അലൈൻമെന്റ് മാറി കനാൽ നിർമ്മിച്ചതിന് ശ്രീ. ജി സുധാകരൻ ബഹു.ഹൈക്കോടതി മുൻപാകെ WP(C) 34186/2022 നമ്പർ കേസ് ഫയൽ ചെയ്തു.

പരാമർശം (1) ലെ വിധിന്യായ പ്രകാരം ബന്ധപ്പെട്ട കമ്മീഷനെ നിയോഗിക്കുകയും തഹസിൽദാർ തലശ്ശേരിയുമായി പ്രസ്തുത സ്ഥലം സംയുക്ത പരിശോധന നടത്തുകയും ചെയ്തു. സ്ഥല പരിശോധനയിൽ നിലവിൽ കനാൽ നിർമ്മിച്ചത് ജി.സുധാകരന്റെ ഉടമസ്ഥതയിലുള്ള റീ സർവ്വെ നമ്പർ 42/13 ലുള്ള 0.0210 ഹെക്ടർ സ്ഥലത്തു കൂടിയാണ്. എന്നാൽ കനാലിന് വേണ്ടി അക്വയർ ചെയ്ത സ്ഥലം റീ സർവ്വെ നമ്പർ 42/12 ലുള്ള 0.0210 ഹെക്ടറാണ്. ആയതിന്റെ തുടർനടപടികളുടെ ഭാഗമായി മീഡിയേഷനിലൂടെ ടിയാന്റെ ലാന്റ് (റീ സർവ്വെ നമ്പർ 42/13)ഇന്റർ ചെയ്ഞ്ച് ചെയ്യാം എന്ന നിബന്ധനയോടെ 09-08-2023 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ യോഗം ചേരുകയും, പ്രസ്തുത യോഗത്തിൽ ജി.സുധാകരന്റെ സ്ഥലത്തിന്റെ അപ് സ്ട്രീം ഭാഗത്തും ഡൗൺസ്ട്രീം ഭാഗത്തുമുള്ള രണ്ടുപേരുടെ സ്ഥലത്തുകൂടി

അലൈൻമെന്റ് മാറി നിർമ്മിച്ചതും കൂടി ചേർത്ത് ലാന്റ് ഇന്റർചെയ്ഞ്ച് ചെയ്യേണ്ടതാണെന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ജി.സുധാകരന്റെ സ്ഥലത്തിന്റെ അപ്പ്‌ട്രീം ഭാഗത്തും ഡൗൺസ്ട്രീം ഭാഗത്തുമുള്ള സ്ഥലങ്ങളുടെ സർവ്വെ പൂർത്തികരിച്ച് സർവ്വെ ലഭ്യമായിട്ടുണ്ട്. ആയതിൽ ജി.സുധാകരന്റെ സ്ഥലത്തിന്റെ അപ്പ്‌ട്രീം ഭാഗത്ത്, നിലവിൽ കനാലിന് വേണ്ടി അക്വയർ ചെയ്ത റിസർവെ.നമ്പർ 42/10 ലെ 0.0418 ഹെക്ടർ ഭൂമിയാണ്. നിലവിൽ കനാൽ നിർമ്മിച്ചതിലെ ഒരു ഭാഗം അക്വയർ ചെയ്ത റീ സർവ്വെ നമ്പർ 42/10 ലെ 0.0072 ഹെക്ടർ ഭൂമിയിലാണ്. എന്നാൽ അക്വയർ ചെയ്യാത്ത റീ സർവ്വെ നമ്പർ 42/11 ലെ 0.03406 ഹെക്ടർ ഭൂമിയിലും കനാൽ നിർമ്മിച്ചിട്ടുണ്ട്. ആയത് കനാലിന് വേണ്ടി പുതുതായി ഏറ്റെടുക്കേണ്ടതാണ്. ജി.സുധാകരന്റെ സ്ഥലത്തിന്റെ ഡൗൺസ്ട്രീം ഭാഗത്ത് നിലവിൽ കനാലിന് വേണ്ടി അക്വയർ ചെയ്ത റീ സർവ്വെ നമ്പർ 42/ 14 ലെ 0.0312 ഹെക്ടർ ഭൂമിയാണ്. നിലവിൽ കനാൽ നിർമ്മിച്ചതിലെ ഒരു ഭാഗം അക്വയർ ചെയ്ത റീ സർവ്വെ നമ്പർ 42/14 ലെ 0.0110 ഹെക്ടർ ഭൂമിയിലാണ്. എന്നാൽ ആക്വയർ ചെയ്യാത്ത റീസർവ്വെ.നമ്പർ 42/15 ലെ 0.0202 ഹെക്ടർ ഭൂമിയിലും കനാൽ നിർമ്മിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശ്രീ. ജി സുധാകരൻ ബഹു. ഹൈക്കാടതിയിൽ ഫയൽ ചെയ്ത WP(C) 34186/2022 നമ്പർ കേസിന്റെ അന്തിമ വിധി നടപ്പാക്കുന്നതിലേക്കായി കേസിലെ പരാതിക്കാരനായ ശ്രീജി.സുധാകരന്റെ ഭൂമി ഉൾപ്പെടെ കനാലിന് വേണ്ടി ഏറ്റെടുത്ത റീസർവ്വെനമ്പർ 42/12 കനാൽ നിർമ്മിക്കാത്ത ഭൂമി തിരികെ നല്കുന്നതിനും നിലവിലെ കനാൽ കടന്നു പോകുന്ന ഭൂമി റീസർവ്വെ.നമ്പർ 42/13 ജലവിഭവ വകുപ്പിനായി ഏറ്റെടുക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. ഈ കേസിന്റെ റവന്യൂ രേഖകൾ സംബന്ധിച്ച നടപടികൾ റവന്യൂ വകുപ്പ് അടിയന്തരമായി പൂർത്തീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUVENI.R.V
UNDER SECRETARY

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ജില്ലാ കളക്ടർ, കണ്ണൂർ
ചീഫ് എഞ്ചിനീയർ , പദ്ധതി വിഭാഗം- 1, കോഴിക്കോട്.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഴശ്ശി ഇറിഗേഷൻ പ്രോജക്ട്, കണ്ണൂർ
തഹസിൽദാർ (LR) തലശ്ശേരി താലൂക്ക്
റവന്യൂ (കെ) വകുപ്പ്.
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നമ്പർ എം.പി3/23/2023- ജവിവ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ